# Weekly Devotion - December 2017

## There is a place by 'Me' (ഒരു സ്ഥമുണ്ട് - എന്റെ അടുക്കൽ)




പ്രകൃതിയിൽ വരുന്ന പ്രതിഭാസം ഒരു സ്ഥലത്ത് ഭയങ്കര നാശനഷ്ടം വരുത്തിയാൽ വർഷങ്ങൾ കഴിഞ്ഞും ആ സ്ഥലം ആ പ്രത്യേകതയാൽ അറിയപ്പെടും. പുറ: (33:21) ൽ കാണുന്ന സ്ഥലത്തിന് ഒരു പ്രത്യേകതയുള്ളതായി അവിടെ കാണാം. ദൈവത്തിന്റെ തേജസ്സ് കടന്നു പോകുന്നതാണ് ആ പ്രത്യേകത. ദൈവീക മഹത്വമാണ് മോശ കാണുവാൻ ആഗ്രഹിച്ചത്.

സങ്കീ:(91:1,2) വാക്യങ്ങളിൽ നിന്നും അത്യുന്നതന്റെ മറവിൽ വസിക്കുന്നവനു മാത്രമേ സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുവാൻ കഴിയുകയുള്ളൂ. അതായത് ക്രിസ്തുവിന്റെ ദേഹമെന്ന തിരശ്ശീല കീറിയുണ്ടായ പുതുവഴിയിൽ കൂടി മാത്രമേ പുതിയ നിയമ ക്രിസ്ത്യാനിക്ക് ഈ സ്ഥലത്ത് എത്തുവാൻ കഴിയുകയുള്ളൂ. ആ സ്ഥലത്തെത്തേണ്ടവർ ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം സൂക്ഷിക്കേണ്ടതാണ്. ഈ ബന്ധം ദൃഢമാകുമ്പോൾ ഈ സ്ഥലത്ത് ദൈവമുണ്ടെന്ന് യാക്കോബിനെപ്പോലെ നമുക്ക് പറയുവാൻ കഴിയും.

യാക്കോബ് കണ്ടത് ഉടമ്പടിയുടെ ഗോവേണിയാണ്. read ഉല്പ (28:12-16) ദൈവത്തിന്റെ ഹൃദയം യാക്കോബുമായുള്ള ഉടമ്പടിക്ക് കൊതിച്ചു. ഗോവേണിയുടെ മീതെ നിന്നാണ് ദൈവം യാക്കോബിനോട് സംസാരിച്ചത്. ഇതുപോലെ ഉടമ്പടിയുടെ ഗോവേണിയുടെ മീതെ നിന്ന് നമ്മോട് സംസാരിപ്പാനും കർത്താവ് കൊതിയ്ക്കുന്നു. ഉടമ്പടി എന്ന " ഗോവേണിയുടെ സന്ദേശം" ഉൾക്കൊള്ളുക മാത്രമല്ല വിണ്ടും വീണ്ടും അവനോടുള്ള ഉടമ്പടി നാം പുതുക്കുകയും വേണം. നാം അവന്റെ സന്നിധിയിലെടുക്കുന്ന ഓരോ തീരുമാനത്തിനും പകരമായി (ഉല്പ :28:20 -22) അവന് നമുക്ക് നൽകുവാൻ ഒരു വാഗ്ദത്തമുണ്ടെന്ന് മറന്നു പോകരുത്. ഇതു മനസ്സിലാക്കിയ യാക്കോബ് പറഞ്ഞതാണ് ഈ സ്ഥലത്ത് ദൈവമുണ്ട് സത്യം എന്ന്.

ദൈവമഹത്വം കടന്നു പോകുന്ന സ്ഥലത്തിന് ഒരു പ്രത്യേകതയുണ്ട്. ആ പ്രത്യേകതയാണ് മോശയെ ദൈവത്തിന്റെ പർവ്വതമായ ഹോരേബുവരെ എത്തിച്ചത്. തീ പിടിക്കാത്ത മുൾപ്പടർപ്പും അതിനുള്ളിലെ ദൈവസാന്നിദ്ധ്യവും കണ്ട് പകെച്ചു നിന്ന മോശയോട് നീ നില്ക്കുന്ന സ്ഥലം വിശുദ്ധമെന്ന് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായി. വിശുദ്ധസ്ഥലത്ത് എത്തി നില്ക്കുന്നവർക്കു മാത്രമേ ആ സ്ഥലത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുകയുള്ളൂ. പഴയതിനെ ഉപേക്ഷിച്ച് വിശുദ്ധിയോടെ വിശുദ്ധ സ്ഥലത്ത് എത്തുന്നവരെ മാത്രമേ കർത്താവ് ചുമതല ഏല്പിക്കുകയുള്ളൂ. അതേ! ഞാനാകുന്നവൻ ഞാനാകുന്നു എന്നരുളിയവന്റെ സാന്നിദ്ധ്യമാണ് ആ സ്ഥലത്തെ വിശുദ്ധമാക്കിയത്. (പുറ : 3:2-5), നമ്മെയും ദൗത്യങ്ങൾ ഏല്പിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. വിശുദ്ധരായി പ്രത്യേക സ്ഥലത്ത് എത്തുവാൻ നമുക്ക് കഴിയുമോ ?

സുവിശേഷ വേലക്കായി ദൈവനിയോഗത്താൽ റായ്പ്പൂരിലെത്തിയതാണ്, 7-ാം വയസ്സിൽ തന്നെ ദൈവത്തെ രക്ഷിതാവായി സ്വീകരിച്ച ശമുവേൽ എന്ന യുവാവ് . ഉപവസിച്ചു പ്രാർത്ഥിക്കുന്ന തന്റെ ശരീരം

ബലഹീനമാകുന്നതല്ലാതെ ആരെയും ദൈവത്തിനായി നേടുവാൻ കഴിയുന്നില്ലല്ലോ എന്നോർത്ത് ഭാരപ്പെട്ട് പ്രാർത്ഥിക്കുമ്പോൾ ഒരു സംഭവം നടന്നു. തീ വീടിന്റെ മുകളിലേക്ക് വീണു എന്ന് പറഞ്ഞ് വഴിയാത്രക്കാരും അയൽവാസികളും കേട്ടറിഞ്ഞ് എത്തിയവരും അവിടെ ഓടി എത്തി. എത്തിയവർ കണ്ടത് ദൈവശോഭയുള്ള അനേകരെയാണ്. ആ പ്രകാശം കടന്നു വന്നവരെയും ആകർഷിച്ചു. അവർ മുട്ടുമടക്കി. ശബ്ദം കേട്ട് കണ്ണു തുറന്ന ശമുവേൽ അതിശയിച്ചു.

അതേ കുഞ്ഞുങ്ങളെ ! നാം ഇരുന്ന് പ്രാർത്ഥിക്കുന്നിടത്ത് തീ കത്തണം. തീ അനേകരെ ക്രിസ്തുവിലേക്കാകർഷിക്കണം ഏത് പ്രതികൂലത്തിലും ഇറങ്ങി വരുന്ന ദൈവ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിലും ഇറങ്ങി വരട്ടെ. ദൈവം നമ്മെ അതിനായി ഒരുക്കട്ടെ. ദൈവീക സാന്നിദ്ധ്യത്തിനായി ഈ വർഷാവസാനം ആഗ്രഹിച്ചാൽ ഒരു പുതുവർഷം അനുഗ്രഹമായി നിങ്ങൾക്ക് ലഭിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind